# *അധ്യായം 10 - പൗരബോധം*

**പൗരബോധം**

ഓരോ പൗരനും സമൂഹത്തിന് വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമ താൽപര്യങ്ങളാണ് പൗരന്റേതെന്നുള്ള തിരിച്ചറിവാണ് പൗരബോധം.

Riyasmon B,
AMHSS VENGOOR

**പൗരബോധം രൂപപ്പെടുത്തുന്ന ഘടകങ്ങൾ**

കുടുംബം, സംഘടനകൾ, വിദ്യാഭ്യാസം, മാധ്യമങ്ങൾ, സമൂഹം, രാഷ്ട്രീയ വ്യവസ്ഥ

**കുടുംബം**

മുതിരന്നവരെ ബഹുമാനിക്കൽ, കർത്തവ്യബോധം, വ്യക്തിത്വ രൂപീകരണം, സാമൂഹ്യസേവനബോധം എന്നിവ അംഗങ്ങളിൽ വളർത്തുന്നു.

**വിദ്യാഭ്യാസം**

മൂല്യബോധം, സഹിഷ്ണുത, നേതൃത്വ ഗുണം, പരിസ്ഥിതി ബോധം, ശാസ്ത്ര ബോധം എന്നിവ വളർത്താൻ സഹായിക്കുന്നു.

**സംഘടനകൾ**

സേവന സന്നദ്ധത, നിസ്വാർഥത, പരിസ്ഥിതി അവബോധം, മനുഷ്യാവകാശ ബോധം, രാഷ്ട്രീയവബോധം എന്നിവ വ്യകതികളിൽ ഉണ്ടാക്കുന്നു.

**മാധ്യമങ്ങൾ**

വാർത്തകളും വിവരങ്ങളും ജനങ്ങളിലെത്തിക്കുന്നു, ആശയ രൂപീകരണത്തിലേക്ക് നയിക്കുന്നു.

**ജനാധിപത്യം**

ജനാധിപത്യം ഒരു ജീവിത ശൈലിയാണ്, സ്വാതന്ത്ര്യം, സമത്വം, അവകാശങ്ങൾ. നിയമവാഴ്ചയിൽ വിശ്വസിക്കുന്നു. മറ്റുള്ളവരെ പരിഗണിക്കുക

**പൗരത്വവും ധാർമികതയും**

1. *ആദർശമില്ലാത്ത രാഷ്ട്രീയം.*
2. *അധ്വാനമില്ലാത്ത സമ്പത്ത്.*
3. *മനുഷ്യത്വമില്ലാത്ത ശാസ്ത്രം.*
4. *ധാർമികതയില്ലാത്ത വാണിജ്യം*
5. *ത്യാഗമില്ലാത്ത ആരാധന*
6. *സ്വഭാവ മഹിമയില്ലാത്ത വിദ്യാഭ്യാസം.*
7. *മനസ്സാക്ഷിയില്ലാത്ത സന്തോഷം.*

*ഇവ അത്യന്തം അപകടമാണ്*
- **ഗാന്ധിജി**

| | |
|---|---|
| **പൗരബോധവും ധാർമികതയും** | നന്മതിൻമകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവഹിക്കുകയും ചെയ്യലാണ് ധാർമികത |

| **ധാർമിക പ്രവർത്തനങ്ങൾ** | **അധാർമിക പ്രവർത്തനങ്ങൾ** |
|---|---|
| ജോലി ചെയ്ത് പണം സമ്പാദിക്കുന്നു. | മറ്റുള്ളവരെ ചൂഷണം ചെയ്ത് പണം ഉണ്ടാക്കുന്നു. |
| പൊതുമുതൽ സംരക്ഷിക്കുന്നു. | പൊതുമുതൽ നശിപ്പിക്കുന്നു. |
| സഹജീവികളെ സഹായിക്കുന്നു. | സഹജീവികളെ ദ്രോഹിക്കുന്നു. |
| നന്മയെ സ്വീകരിക്കുന്നു. | തിന്മയെ സ്വീകിരിക്കുന്നു. |
| കടമകൾ നിർവഹിക്കുന്നു. | കടമകൾ സ്വീകരിക്കുന്നു. |

**പൗരബോധം നേരിടുന്ന വെല്ലുവിളികളും പരിഹാര മാർഗങ്ങളും**

**വെല്ലുവിളി** -
പൊതുതാൽപര്യം മറന്ന് സ്വന്തം താൽപര്യത്തിന് വേണ്ടി എന്തും ചെയ്യുക.

**പരിഹാരങ്ങൾ** -
1. സ്വന്തം പ്രവർത്തനങ്ങളെ വിമർശനപരമായി വിലയിരിത്തുക.
2. പൊതുതാൽപര്യം ഹനിക്കാതെ സ്വന്തം താൽപര്യത്തിന് വേണ്ടി പരിശ്രമിക്കുക.
3. മാറ്റം നമ്മളിൽ നിന്ന് തന്നെ തുടങ്ങുക.
4. ജനാധിപത്യത്തിനും സഹിഷ്ണുതക്കും പ്രാധാന്യം കൊടുക്കുക.
5. അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യപരിഗണന നൽകുക

**പൗരബോധം വളർത്താൻ വിദ്യാലയ പ്രവർത്തനങ്ങൾ**

1. ലഹരി വിരുദ്ധ പ്രവർത്തനം.
2. ജൈവ കൃഷി.
3. ട്രാഫിക് ബോധവൽകരണം.
4. ജീവകാരുണ്യ പ്രവർത്തനം.
5. അവയവദാന സമ്മതപത്രം നൽകൽ.
6. രക്തദാനം.
7. പൊതു ഇടങ്ങൾ വൃത്തിയാക്കൽ.
8. പ്രഥമ ശുശ്രൂഷ നൽകൽ.
9. വൃദ്ധരേയും ഭിന്നശേഷിക്കാരെയും സഹായിക്കൽ

**പൗരബോധവും സാമൂഹ്യ ശാസ്ത്രവും**

സാമൂഹ്യ ശാസ്ത്ര പഠനത്തിന് പൗരബോധ രൂപീകരണത്തിൽ പ്രധാന പങ്കുവഹിക്കാൻ കഴിയും.
1. വൈവിധ്യങ്ങളെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു.
2. രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക പ്രശ്നങ്ങളുടെ പശ്ചാത്തലങ്ങൾ പരിചയപ്പെടുത്തുന്നു.
3. വിവിധ പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരം നിർദ്ദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു.
4. സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുന്നു.
5. പൗരബോധത്തിന്റെ ഉത്തമ മാതൃകകളെ പരിചയപ്പെടുത്തി വ്യക്തികളെ കർമനിരതരാക്കുന്നു.

RIYASMON B AMHSS VENGOOR